**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6722** **11-07-2024 - ൽ മറുപടിയ്ക്ക്**

**വൈറ്റ് ബോർഡ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭിന്നശേഷി വിദ്യാർത്ഥികൾക്കായി വീഡിയോ ക്ലാസുകൾ ലഭ്യമാക്കുന്നതിനായി വൈറ്റ് ബോർഡ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. 2020-21 വർഷം മുതൽ വൈറ്റ് ബോർഡ് പദ്ധതി നടന്നു വരുന്നു. ssakerala.in/ie എന്ന വെബ് സൈറ്റിൽ വൈറ്റ് ബോർഡ് വീഡിയോ, ടോക്കിംഗ് ടെക്സ്റ്റ്, വർക്ക് ഷീറ്റ് തുടങ്ങിയവ ലഭ്യമാണ്. പ്രത്യേക പരിഗണന വിഭാഗത്തിൽ ഉൾപ്പെടുന്ന HI, VI, ID, SLD, ASD എന്നീ അഞ്ച് വിഭാഗത്തിലെ കുട്ടികൾക്കായി 1 മുതൽ 10 വരെ ക്ലാസ്സുകളിലെ പാഠഭാഗങ്ങൾ സമഗ്ര ശിക്ഷാ കേരളയുടെ നേതൃത്വത്തിൽ അനുരൂപീകരണം നടത്തുകയും വീഡിയോ പാഠങ്ങളും ശബ്ദ പാഠങ്ങളും തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2024-2025 അധ്യയന വർഷം 1, 3, 5, 7, 9 ക്ലാസ്സുകളിലെ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും പരിഷ്കരിച്ച സാഹചര്യത്തിൽ ഈ വർഷം മേൽപറഞ്ഞ ക്ലാസ്സുകളിലെ പുതിയ പാഠപുസ്തകങ്ങൾ സമഗ്ര ശിക്ഷാ കേരളയുടെയും എസ്.സി.ഇ.ആർ.ടി. -യുടെയും സംയുക്ത ആഭിമുഖ്യത്തിൽ അനുരൂപീകരണം നടത്തി ssakerala.in/ie എന്ന വെബ്സൈറ്റിലൂടെ കുട്ടികൾക്ക് ലഭ്യമാക്കുന്നതിനും കൂടാതെ, ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന കുട്ടികൾക്കായി അനുരൂപീകരണം നടത്തിയ വർക്ക് ഷീറ്റുകൾ ഇതോടനുബന്ധിച്ച് തയ്യാറാക്കി നൽകുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഭിന്നശേഷി കുട്ടികൾ, കുടുംബാംഗങ്ങൾ, അധ്യാപകർ, സാമൂഹ്യ സാംസ്കാരിക പ്രവർത്തകർ എന്നിവരെ ഉൾക്കൊള്ളിച്ച് പ്രത്യേക പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി നടപ്പിലാക്കുന്ന പദ്ധതികളിൽ ഇവരെ ഉൾക്കൊള്ളിക്കുന്നുണ്ട്. മോഡൽ ഇൻക്ലൂസീവ് സ്കൂൾ പദ്ധതിയിലൂടെ ഇത്തരം കുട്ടികൾക്ക് ലഭിക്കേണ്ട പരിഗണനയും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനു വേണ്ട പ്രവർത്തനങ്ങളെക്കുറിച്ചും ഒരു അവബോധം ഇവരുടെ സഹപാഠികൾ, കുടുംബാംഗങ്ങൾ, അദ്ധ്യാപകർ |

| | | | |
|---|---|---|---|
| | | | എന്നിവർക്ക് നൽകിവരുന്നുണ്ട്. കൂടാതെ എസ്.എസ്.കെ. നടപ്പിലാക്കുന്ന വിവിധ പരിപാടികളിൽ പ്രത്യേകിച്ചും സോഷ്യൽ ഇൻക്ലൂഷൻ പ്രോഗ്രാമുകളിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ, കുടുംബാംഗങ്ങൾ അദ്ധ്യാപകർ, സാമൂഹ്യ സാംസ്കാരിക പ്രവർത്തകർ എന്നിവരെ ഉൾക്കൊള്ളിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ